# ആത്മീയചിന്ത ശകലങ്ങൾ

അബ്രാഹാമിന്റെ മകളായ സ്ത്രീയ്ക്കു കൂനു വന്നത് രോഗാത്മാവ് ബാധിച്ചിട്ടാണ്. ചില രോഗങ്ങൾ / പ്രയാസങ്ങൾ / കഷ്ടതകൾ ജീവിതത്തിൽ കടന്നു വരുമ്പോൾ അതിന്റെ ലക്ഷ്യം ദൈവത്തിന്റെ സന്നിധിയിൽ നമ്മെതന്നെ വിശുദ്ധിയോടെ സമർപ്പിക്കാനാണ്. ദുഷ്ടതകൾ നിറഞ്ഞ ഈ ലോകത്തിൽ സകല സൗഭാഗ്യത്തോടെ ജീവിക്കുമ്പോൾ, ആത്മീയസൗരഭ്യം അനുഭവിക്കാൻ സാധിക്കണമെന്നില്ല. സാത്താന്റെ ബന്ധനത്തിൽ അടിമപ്പെട്ട് ലൗകീകസുഖങ്ങളിൽ ലയിച്ചാൽ, കഷ്ടതകളും പ്രയാസങ്ങളും അനുഭവിച്ച് ലഭിക്കുന്ന ആത്മീയസംതൃപ്തി നഷ്ടപ്പെടുന്നു. ഈ ദുഷ്ടലോകത്തിന്റെ രാജാവിനെ പ്രസാദിപ്പിക്കാതെ, നിത്യരാജ്യത്തിലെ മണവാളനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യാം. ശാരീരികമായ ഭംഗം ഒന്നും ഇല്ലെങ്കിലും ആത്മീയമായി, അകത്തെ മനുഷ്യന് പല കോട്ടങ്ങളും കാണും. അത് തിരിച്ചറിയാൻ ഉൾക്കണ്ണുകൾ ഉപയോഗിക്കണം. അതിന് പരിശുദ്ധാത്മാവിന്റെ നിറവും പ്രവർത്തനവും ആവശ്യമാണ്. ശാരീരികഭംഗം ഒരിക്കലും ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും മുടക്കം വരുത്താതെ, നിത്യരാജ്യത്തിലെ ജീവനുവേണ്ടി സകലതും ദൈവത്തിൽ സമർപ്പിച്ച് മൗനമായി ധ്യാനിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

ബിജോയ് ശാമുവേൽ അബുദാബി